NOES—23.

1	Mr.	K. P. Abraham	13	Mr.	C. O. Madhavan
2	,,	L. A. Bishop	14	,,	E. G. McAlpine
3	,,	R. Dhanukoti Pillai	15	,,	R. Nilakanta Pillai
4	,,	K. George	16	,,	N. K. Padmanabha Pillai
5	,,	M. Govindan	17	,,	Kayalam Parameswaran Pillai
6	,,	N. John Joseph	18	Dr.	K. Raman Tampi
7	,,	K.I. Kocheeppan Mappillai	19	Mr.	Rama Varma Raja
8	,,	K. P. Kochukora Tarakan	20	,,	S. C. H. Robinson
9	,,	A. Kumara Pillai	21	,,	R. Vaidyalingom Pillai
10		Rao Sahib Dr. N. Kunjan Pillai	22	,,	P. Visvanatha Aiyar
11	Mr.	K. Kunjukrishna Pillai	23	,,	J. S. Westerdale
12	,,	L. A. Lampard			

NEUTRALS—4.

1	Mrs.	Anna Chandi	3	Mr.	P. S. Mahomed
2	Mr.	K. Madhavan Pillai	4	,,	A. Thanu Pillai

The resolution was declared lost.

RESOLUTION RE RESTRICTION AGAINST CHILD MARRIAGE

MR. RAMA VARMA RAJA (*Eduvagai*).

"This Council recommends to the Government that early steps be taken to bring the provisions of the child marriage restriction Act, known as the Sarda Act recently passed by British Indian Legislature into operation in this State."

ഈ റസല്യൂഷൻ അവതരിപ്പിക്കുന്നതിന് മുമ്പ് എനിക്ക് അതിനെപ്പറ്റി രണ്ട് വാക്ക് പറയാനുണ്ട്. ഈ കൗൺസിലിൽ ഇതുപോലെ ഒരു ബിൽകൊണ്ട്വന്നു പാസ്സാക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കെ ഇങ്ങിനെയുള്ള ഒരു റസല്യൂഷൻ കൊണ്ടുവരേണ്ട ആവശ്യമെന്താണെന്ന് എന്റെ സ്നേഹിതന്മാരിൽ പലരും എന്നോട് ചോദിച്ചു. അതിനെപ്പറ്റി ഒരുവാക്ക് പറയേണ്ടതുണ്ട്. സാധാരണയായി സോഷ്യൽ ലജിസ്ലേഷന് വേണ്ടി ഏതെങ്കിലും ഒരുബിൽ നാൺ അഫിഷ്യൽ സൈഡിൽനിന്നും കൊണ്ടുവന്നാൽ ഗവണ്മെന്റിൽനിന്നും അതിനെ തടയുകയാണ് പതിവ്. ഉദാഹരണമായി ക്ഷത്രിയബിൽ ഇവിടെ അവതരിപ്പിക്കുന്നതിനായി ഞാനും മിസ്റ്റർ എൽ. ആർ. രാജരാജവർമ്മതമ്പുരാനും കൂടി മൂന്നുവർഷം നിരന്തരമായി പരിശ്രമിച്ചിട്ടും ബില്ല് അവതരിപ്പിക്കാൻ സാധിക്കാതെവന്നു. പിന്നെ ഭാഗ്യവശാൽ ചിലകാര്യങ്ങളൊക്കെ ഒത്തുവന്നുചേർന്നതിനാൽ മാത്രമാണ് ഒരു ബില്ല് അവതരിപ്പിക്കാൻസാധിച്ചിട്ടുള്ളൂത്. അങ്ങനെ ചിലസൗകര്യങ്ങളും ഉണ്ടാകാതിരുന്നു എങ്കിൽ ഞങ്ങൾക്ക് ക്ഷത്രിയബിൽ കൊണ്ടുവരാൻ സാധിക്കുകയില്ലായിരുന്നു. ആ ഭയം കൊണ്ടുതന്നെയാണ് ഒരു ബില്ലായിക്കൊണ്ടുവരു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Rama Varma Raja.]

വാൻ മടിച്ചതു്. അതുകൊണ്ടു് ഈ പ്രമേയത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

ഇതിനെപ്പറ്റി ജനങ്ങൾക്കുള്ള അഭിപ്രായം എന്തെന്നറിഞ്ഞു് ജനങ്ങൾക്കു് അതു അത്യാവശ്യമാണെന്നു് ഗവണ്മെൻറിനു് ബോധ്യം വന്നാൽ ഗവണ്മെൻറിൽനിന്നുംതന്നെ ഒരു ബിൽ കൊണ്ടുവരുവാൻ സാധിക്കുമല്ലോ എന്നു് വിചാരിച്ചാണു് ഈ സംഗതി ഞാൻ പ്രമേയരൂപേണ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഇത്രയുംപറഞ്ഞുകൊണ്ടു് പ്രമേയത്തിൻറെ വിഷയത്തിലേക്കു കടക്കുന്നു.

വലുതായ ഒരു അപവാദം ഇൻഡ്യയിൽ നിന്നും നീക്കുന്നതിനു വേണ്ടിയാണു് റായിസാഹിബ് ഹരിദാസ് സാർദ്ദാ ലജിസ്ലേറ്റീവ് അസംബ്ലിയിൽ ശൈശവവിവാഹം തടയുന്നതിനുള്ള ഒരു ബിൽ അവതരിപ്പിച്ചു പാസ്സാക്കിയതു്. നമ്മുടെയിടയിൽ വളരെ ചെറുപ്പക്കാരായ സ്ത്രീപുരുഷന്മാർ തമ്മിൽ വിവാഹം നടത്തുന്നതു് നിമിത്തം നാഷണൽ ഹെൽത്തു് വളരെ മോശമായിട്ടു് തീരുന്നുഎന്നു് പലമഹാന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ടു്. ആക്രോട്ടത്തിൽ പ്രോതിനേടിയ (പ്രാതിയൊ അപപ്രാതിയൊ എന്നു് ഞാനിവിടെ പറയുന്നില്ല) മിസ്സ് മേയോവിൻറെ പുസ്തകം വായിച്ചു കഴിഞ്ഞാൽ ഭാരതീയരായ നമുക്കു ലജ്ജിക്കാതെ തരമില്ല. നമ്മുടെ രാഷ്ട്രശരീരത്തിൽ ഒരു വലിയ ഇത്തിൾപറ്റിയതുപോലെയാണു് സകലവഗ്ഗക്കാരും ഇതിനെ വിചാരിക്കുന്നതു്. അതുപോലെയാണു നമ്മുടെ സകലസംഗതികളും. കുറച്ചുമുമ്പു് എൻറെ സ്നേഹിതൻ മിസ്റ്റർ ജാൺജോസഫ് ഡിപ്രസഡ് ക്ലാസ്സു എന്നു് കുറെയാളുകളെ നീക്കിവച്ചിരിക്കുന്നു എന്നു് പറഞ്ഞു. ഈ സാമുദായിക അനാചാരം— ശിശുവിവാഹം—നിമിത്തം എൻഫോർസ്ഡ് വിഡോഹുഡ് കൊടുത്തു് കുറെ പേരെ നീക്കിവച്ചിരിക്കുന്നു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഏതെല്ലാം സമുദായങ്ങളിലാണു പതിനാലു വയസ്സിനകമുള്ള വിവാഹം നടക്കുന്നതു്?

MR. RAMA VARMA RAJA (*Edavagai*): എൻറെ പ്രസംഗത്തിനു് ശേഷം ചോദ്യങ്ങൾക്കു ഉത്തരം പറയുന്നതായിരിക്കും നല്ലതെന്നു് തോന്നുന്നു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): അതുമതി. ഞാൻ ചോദ്യം പിൻവലിച്ചേയ്ക്കാം.

LIBRARY ARCHIVES Kerala Legislative Assembly

MR. RAMA VARMA RAJA (*Edavagai*): ലാ മെമ്പർ ചോദിച്ച ചോദ്യത്തിന് തന്നെ ആദ്യം ഉത്തരം പറയാമെന്ന് ഞാൻ വിചാരിക്കുന്നു.

MR. A. THANU PILLAI (*Trivandrum*): ഈ സംഗതിയെപ്പറ്റി അറിയുന്നതിന് ലാ മെമ്പറെക്കാൾ കൂടുതൽ സൗകര്യം മെമ്പർക്കുണ്ടായിട്ടുണ്ടോ?

MR. RAMA VARMA RAJA (*Edavagai*): ഞങ്ങളിൽ ആർക്കാണ് ഇതിനെപ്പറ്റി അറിയാൻ കൂടുതൽ സൗകര്യമുണ്ടായിട്ടുള്ളതെന്ന് എന്റെ പ്രസംഗം കഴിയുമ്പോൾ മെമ്പർക്കുതന്നെ തീർച്ചയാക്കാവുന്നതാണ്.

സെൻസസ് കമ്മീഷണർ എന്റെ ആവശ്യപ്രകാരം ചില വിവരങ്ങൾ എനിക്ക് തന്നതിൽ നിന്നും ഞാൻ മനസിലാക്കുന്നതു് അഞ്ചു മുതൽ പത്തു വരെ പ്രായമുള്ള പെൺ കുട്ടികളുടെയിടയിൽ ആകെ നടന്നിട്ടുള്ള വിവാഹങ്ങളുടെ എണ്ണം ൨,൪൫൪ എന്നാണ്.

MR. A. THANU PILLAI (*Trivandrum*): ഇതു് ഒരാണ്ടിൽ നടന്നതാണൊ?

MR. RAMA VARMA RAJA (*Edavagai*): അല്ല.

MR. A. THANU PILLAI (*Trivandrum*): അങ്ങനെ വിവാഹം ചെയ്തവർ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടോ?

MR. RAMA VARMA RAJA (*Edavagai*): ഉണ്ട്.

MR. A. THANU PILLAI (*Trivandrum*): സ്ത്രീയും പുരുഷനും ഉൾപ്പെടെയാണൊ?

MR. RAMA VARMA RAJA (*Edavagai*): സ്ത്രീകൾ മാത്രമാണ്.

ഇതിൽ ഹിന്ദുസ്ത്രീകൾ ൧,൩൩൨-ം, ക്രിസ്ത്യാനികൾ ൩൫൨-ം, മഹമ്മദീയർ ൧൭൭-ം വിവാഹങ്ങൾ വീതംനടത്തീട്ടുണ്ട്. ഇതു അറിയുന്നതിനുമുമ്പിൽ ഞാൻ വിചാരിച്ചിരുന്നതു് ഈ ഇത്തിരി ഹിന്ദുക്കളുടെയിടയിൽമാത്രമെയുള്ളു എന്നാണ്. എന്റെ സ്നേഹിതൻ ഈ സംഖ്യകളംപറഞ്ഞപ്പോൾ എനിക്ക് അത്ഭുതമാണ് തോന്നിയതു്. ഹിന്ദുക്കളുടെയിടയിൽ പാരമ്പര്യമായിനടന്നുവരുന്നതാണെന്നു വേണമെങ്കിൽ സമാധാനപ്പെടാം. എന്നാൽ ക്രിസ്ത്യാനികളുടെയിടയിലും ഇതു ധാരാളം നടന്നുവരുന്നു. വിശേഷിച്ചും സിറിയൻ ക്രിസ്ത്യാനികളുടെ ഇടയിലാണ് കൂടുതലായി നടന്നുവരുന്നതു്. ആയിരത്തിൽ പതിനൊന്നുപേർ സിറിയൻ ക്രിസ്ത്യാനികളുടെയിടയിൽ ശൈശവവിവാഹം കഴിക്കുന്നു. ക്രിസ്ത്യാനികൾ ആകപ്പാടെ നോക്കിയാൽ ആയിരത്തിന് ൯-പേരാണ് ഉള്ളതു്. ഹിന്ദുക്കളിൽ ആയിരത്തിന് ൬-വിവാഹം

LIBRARY ARCHIVES Kerala Legislative Assembly

[Mr. Rama Varma Raja.]

നടക്കുന്നു. ഈ കണക്കിൽനിന്നും ഹിന്ദുക്കളിൽ കൂടുതലും ക്രിസ്ത്യാനികളിൽ കൂടുതലുമായിട്ടാണ് ബാല്യവിവാഹം നടത്തുന്നതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : നായന്മാരിൽ എത്രയുണ്ടു്?

MR. RAMA VARMA RAJA (*Edavagai*): ഈ കണക്കനുസരിച്ചു ഒരു പേർസെന്റേജ് നായന്മാരിലും കാണുന്നു. ഈ കണക്കു ബോദ്ധ്യപ്പെടുത്തുന്ന വിഷയത്തിൽ ഡാക്ടർ കുഞ്ഞൻപിള്ള എന്നെ സഹായിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : ഈഴവരിൽ എത്രപേരുണ്ടു്?

MR. RAMA VARMA RAJA (*Edavagai*) : ഹിന്ദുക്കൾ എല്ലാവരും ചേർന്നു കണക്കാണു് ഇവിടെ പറഞ്ഞതു്. ബ്രാഹ്മണരുടെയിടയിൽ ബാല്യവിവാഹം ധാരാളം നടക്കുന്നു എന്നാണു് വിശ്വസിച്ചുവന്നതു്. അവർ ആകപ്പാടെ അൻപതിനായിരമോ അറുപതിനായിരമോ പേർ മാത്രമെയുള്ളൂ. ആ സ്ഥിതിക്കു് അവരുടെ പെർസെന്റേജ് വളരെ കുറവായിട്ടേ കാണുകയുള്ളൂ. അധികം നടക്കുന്നതു ബ്രാഹ്മണ ഹിന്ദുക്കളുടെയും ക്രിസ്ത്യാനികളുടെയും ഇടയിലാണു്. പത്തുമുതൽ പതിനഞ്ചുവയസ്സുവരെയുള്ള ആകെ വിവാഹങ്ങൾ ൨൩,൬൫൪ ആണു്. ഇതിൽ ഹിന്ദുക്കൾ ൧൩,൩൬൨-ം ക്രിസ്ത്യാനികൾ ൭൩൪-ം മഹമ്മദീയർ ൧,൩൭൬-ം ആണു് വിവാഹം കഴിച്ചിട്ടുള്ളതു്. ഇതു് ഇപ്പോഴത്തെ സെൻസസിൽനിന്നും കിട്ടിയ കണക്കുകളാണു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : മുമ്പിലത്തെ സെൻസസിൽ ഇവരുടെ കണക്കു് എത്രയാണെന്നറിയാമോ?

MR. RAMA VARMA RAJA (*Edavagai*) : ഇതിനു മുമ്പിലത്തെ സെൻസസു് ശരിയായി കണക്കാക്കിയിട്ടില്ല എന്നാണു കമ്മീഷണർ എന്നെ മനസ്സിലാക്കിയതു്. അതുകൊണ്ടു് അതിനെപ്പറ്റിപ്പറയാൻ സാധിക്കുകയില്ല. ഈ സംഗതികൾക്കു ഞാൻ പ്രത്യേകം വേണ്ട അന്വേഷണങ്ങൾനടത്തിയെങ്കിലും ഞാൻവിചാരിക്കുന്നതുപോലെയുള്ള സ്റ്റാറ്റിസ്റ്റിക്സ് മുമ്പിലത്തെ സെൻസസ്സു് കണക്കുകൾ ഇല്ലാത്തതിനാൽ കിട്ടിയിട്ടില്ലെന്നു മാത്രമേ പറയാൻ നിവർത്തിയൊള്ളൂ.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : മുമ്പിൽ നടത്തിയ സെൻസസിനെക്കാൾ ഇപ്പോൾ ഈ വി

LIBRARY ARCHIVES Kerala Legislative Assembly

വാഹങ്ങൾ കൂടിവരുന്നോ കുറഞ്ഞുവരുന്നോ എങ്ങിനെയാണ് മെമ്പറിന്റെ അഭിപ്രായം?

MR. RAMA VARMA RAJA (*Edavagai*): വർദ്ധിച്ചുവരുന്നു എന്നാണ് എന്റെ അഭിപ്രായം. പ്രായമായിട്ട് കല്യാണം കഴിച്ചാൽമതി എന്നുള്ളവരുടെ ഇടയിലും ശിശുവിവാഹം ധാരാളമായി നടന്നുകാണുന്നതിനാൽ വർദ്ധിക്കയാണെന്നു തന്നെ വിചാരിക്കണം.

MR. K. KUNJUKRISHNA PILLAI (*Quilon*): സർദ്ദാ ആക്ട് വന്നതുകൊണ്ട് ഋതുവാകുന്നതിനു മുമ്പു കല്യാണം നടത്തണമെന്ന്. അനുഗ്രഹമുള്ളവർക്ക് അവിടെ സാധിക്കാത്തതിനാൽ അവർ ഇവിടെവന്ന് വിവാഹം നടത്താൻ ഇടയില്ലെ ?

MR. RAMA VARMA RAJA (*Edavagai*): എനിക്കും ഈ സംശയം തോന്നി. ലായെപ്പറ്റി എനിക്കു പരിജ്ഞാനമില്ലാത്തതുകൊണ്ട് അതിനെപ്പറ്റി പറഞ്ഞാൽ തെറ്റായിപ്പോകുമോ എന്നു വിചാരിച്ചാണു പറയാതിരുന്നത്. മിസ്റ്റർ കുഞ്ഞുകൃഷ്ണപിള്ള ലാ പരിജ്ഞാനമുള്ള ആളായതുകൊണ്ടു അതിനെപ്പറ്റിയുള്ള സംശയം തീർക്കുമെന്ന് വിശ്വസിക്കുന്നു. അവിടത്തെ നിയമത്തിൽനിന്നും ഒഴിയാൻ തിരുവിതാംകൂറിൽവന്ന് കല്യാണം നടത്തി അവിടെ പോകുമ്പോൾ ശിക്ഷയ്ക്കർഹമാവുകയില്ലെന്നാണ് എന്റെ അറിവ്. ആ സ്ഥിതിക്കും തിരുവിതാംകൂറിൽ ഈ നിയമത്തിന്റെ ആവശ്യമുണ്ട്.

MR. M. GOVINDAN (*Nominated*): അവിടെനിന്നും ഇവിടെവന്നു കല്യാണവും കഴിച്ച് ഇവിടെത്തന്നെ താമസിക്കാൻ തീച്ചപ്പെടുത്തുകയാണെങ്കിൽ എന്തുചെയ്യും?

MR. RAMA VARMA RAJA (*Edavagai*): ലായിൽ ഒഴിയണമെന്നു മനഃപൂർവ്വമുള്ള ഒരാൾ അതിൽനിന്നും ഒഴിയുകതന്നെചെയ്യും.

ശാസ്ത്രങ്ങളിലും സ്മൃതികളിലും ഈ ബാല്യവിവാഹത്തെപ്പറ്റി പറഞ്ഞിട്ടില്ല. മനു പറഞ്ഞിരിക്കുന്നത് ഋതുവായി മൂന്നുവർഷം കഴിഞ്ഞിട്ടുവേണം കല്യാണം കഴിക്കാൻ എന്നാണ്. ധന്വന്തരി പറഞ്ഞിരിക്കുന്നത് ഇൻഡ്യയിൽ സാധാരണയായി പ്യൂബർട്ടി അറെയിൻ ചെയ്യുന്നതു് ഫന്നു വയസ്സിൽ ആണ് എന്നാണ്. മനുസ്മൃതിയിൽ ഫന്നു-ം ഫൻ-ംവയസ്സുകളിലല്ലാതെ കല്യാണം കഴിക്കാൻപാടില്ല എന്നു നിർബന്ധമായി പറഞ്ഞിട്ടുണ്ട്. മനുവിനു മുമ്പുണ്ടായിരുന്ന ആളുകളുടെയിടയിൽ ശൈശവവിവാഹം നടപ്പുണ്ടായിരുന്നില്ല. മലബാറിലെ നമ്പൂതിരിമാരുടെയിടയിൽ സ്ത്രീകൾ ഋതുവായാലും കല്യാണം കഴിക്കാതെ നിത്യ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Rama Varma Raja.]

കന്യകകളായിതന്നെ മരിക്കുകകൂടി പതിവാണ്. അവരുടെയിടയിൽ ഈ പതിവ് എങ്ങനെ വന്നു എന്നു അന്വേഷിച്ചപ്പോൾ മനുസ്മൃതിക്കുമുള്ള പതിവിനെ പിൻതുടർന്നു എന്നാണ് എനിക്കു മനസ്സിലാക്കാൻ ഇടയായതു്. അതിൽപിന്നീടു കേവലം ചില ഉദ്ദേശങ്ങളെപറ്റി ചിന്തിച്ചു് ആളുകൾതന്നെ ഉണ്ടാക്കിയതാണ്. ഇതിനെപ്പറ്റിയുള്ള ഈ അതിനുമുമ്പു് എങ്ങിനെയാകണമെന്നു അന്വേഷിച്ചതിൽ വിവരങ്ങൾ ഒന്നും കിട്ടിയില്ല. ഡാക്ടർ ലാൻസെസ്റ്റർ എന്ന മഹാൻ 'ട്യൂബർകുളോസിസ് ഇൻ ഇൻഡ്യ" എന്നൊരു പുസ്തകം എഴുതിയിട്ടുണ്ട്. അതിൽ കുറെ ഭാഗം ഇവിടെ വായിക്കാം.

"People forget the fearful strain upon the constitution of a delicate girl of 14 years or even less, which results from the thoughtless incontinence of the newly married boy or still more, the pitiless incontinence of the remarried man. Serious as these causes of strain are upon the health of the young married girl, they sink into insignificance in comparison with the stress of maternity which follows. It is a truism to say that the process connected with reproduction which, from one point of view, may be regarded as the most important of human functions, should be allowed to take place under the most favourable conditions possible. Surely it would seem to be of fundamental importance that these processes should be delayed until the body as a whole shall have attained full development and be prepared for this great crisis. For in no other crisis of life does the ultimate result depend so much upon physical condition of the body.

"Let even so much as two years be conceded, and in place of 18 years which may be reckoned as the lower limiting age in ordinary cases of marriage in the west, let 16 years be the age which popular opinion shall regard as the normal one for marriage in this country. The result will be an incalculable gain in the health of the women of India as also in that of the children whom they bear."

ഇതിൽനിന്നും എത്രമാത്രം സ്ത്രീകളുടെ ദേഹത്തിനു കേടുണ്ടാകുന്നു എന്നു് മനസ്സിലാക്കാവുന്നതാണ്. ചെറുപ്പമായ അവസ്ഥയിൽ ഇത്രമാത്രം കേടു ഉണ്ടാകുന്നതു് നാഷണൽ ഹെൽത്തിനു വളരെ വിപരീതമാണ്. യൂറോപ്പിലുള്ള ഒരാളെയും നമ്മിൽ ഒരാളെയും എടുത്തു് ഘനവും പൊക്കവും താരതമ്യപ്പെടുത്തിനോക്കിയാൽ നമുക്കു അവരെക്കാൾ തൂക്കവും ഘനവും പൊക്കവും കുറഞ്ഞിരിക്കുന്നതായി കാണും. ഇതിനുകാരണം ഒന്നു ഈ ബാല്യവിവാഹമാണ്. സെൻറിമെൻറൽ ആയിട്ടും തല്ക്കാലചില സൌകര്യത്തിനുവേണ്ടിയും ഇപ്രകാരം നടത്തിവരുന്നു എന്നല്ലാതെ വേറെയാതൊന്നും അതുകൊണ്ടു് സാധിക്കുവാനില്ല. ബ്രാഹ്മണരുടെയിടയിൽ ഇങ്ങിനെതന്നെ നടത്തണമെന്നു ചിലർപറയുന്നു. എന്നാൽഅപ്രകാരം വേണ്ടെന്നു പല ഉത്തമബ്രാഹ്മണരും പറയുന്നു

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. ബ്രട്ടീഷിൽ ഈ ലാ നടന്നവരുന്നസ്ഥിതിക്കു അങ്ങിനേയൊരു ലാ ഇവിടെയുംഉണ്ടാകാതിരുന്നാൽ അവിടെയും ഇവിടെയുംഉള്ള ഐക്യത ക്കു വിപരീതം വരുമെന്നാണ് എന്റെ അഭിപ്രായം. ഇൻഡ്യയുടെ ഒര റ്റംമുതൽ മറ്റെഅറ്റംവരെ ഒരെ ലാ ആയിരിക്കണം. ഒരുസ്ഥലത്തു ഒരു വിധത്തിലും മറ്റൊരുസ്ഥലത്തു വേറൊരുവിധത്തിലും ആയിരിക്കുന്നതു ഇൻഡ്യാക്കാർതമ്മിലുള്ള സൌഹാർട്ടത്തിനു വിപരീതമാണ്. മൈസൂർ ബറോഡ, മുതലായ രാജ്യങ്ങളിൽവിവാഹത്തിനുള്ള വയസിനെപ്പറ്റിലാ ഉണ്ടാക്കിയിട്ടുണ്ട്. ഭരത്പൂരിൽ ൧൨ വയസിനു താഴെയുള്ള വിവാഹം പാടില്ല എന്ന് ഉണ്ട്. രാജപുട്ടാണയിൽ ൧൯൨൯-ൽ ലാ പാസാക്കിയി രിക്കുന്നതു ൧൨ വയസ്സുള്ള സ്ത്രീയും ൧൪ വയസ്സുള്ള പുരുഷനും തമ്മി ലല്ലാതെ വിവാഹം പാടില്ല എന്നാണ്. ൧൨ വയസിനു മേലുള്ള സ്ത്രീ യും ൧൪ വയസിനു മേലുള്ള പുരുഷനും തമ്മിൽ വിവാഹം പാടില്ല എന്നും ഉണ്ട്. ഇങ്ങിനെ പല രാജ്യങ്ങളിലും ഈ നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. നമ്മുടെ രാജ്യവും അതായ കാലസ്ഥിതിയനുസരിച്ചു അഭിവൃദ്ധിപ്പെട്ടുവരണമെന്ന് വിചാരിച്ചു പ്രവത്തിക്കുന്ന ഈ കാലത്തു് ഇവിടെയും എന്തുകൊണ്ടു് ഈ ലാ പാസാക്കാൻ പാടില്ല. അതുകൊ ണ്ടു് അതുപോലെ ഒരു ലാ ഇവിടെയും പാസാക്കണമെന്നുള്ള അഭിപ്രായ ത്തോടുകൂടി എന്റെ പ്രമേയത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു

MR. K. MADHAVAN PILLAI (*Trivandrum cum Nedumangad*): ലാ ഉണ്ടാ ക്കിയാൽ അതിനെ ലംഘിക്കുന്നെങ്കിൽഎന്തുചെയ്യും?

MR. RAMA VARMA RAJA (*Edavagai*) : ലംഘിക്കുന്നു എങ്കിൽ ശിക്ഷി ക്കണം. അങ്ങിനെ ശിക്ഷിക്കുമെന്നു് ക്രമേണ മനസിലാക്കിവരുമ്പോൾ ആരും ലംഘിക്കുകയില്ല.

MR. R. S. SUBRAHMANYA PILLAI (*Kalkulam cum Vilavankod*) : ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

The House adjourned at 5-10 P. M.

P. VISVANATHA AIYAR,
Secretary to the Legislative Council

LIBRARY ARCHIVES Kerala Legislative Assembly